(2) ശബരിമല വികസനത്തിനാവശ്യമായ വനഭൂമി വിട്ടുകൊടുക്കൽ

ശ്രീ. കെ. ജി. ആർ. കർത്താ: സർ, ശബരിമല വികസനത്തിന് 100 ഏക്കർ സ്ഥലമെങ്കിലും വിട്ടുതരണമെന്നുള്ള ആവശ്യം ദീർഘകാലമായി ഗവൺമെന്റിന്റെ മുൻപിൽ സമർപ്പിച്ചിട്ടുള്ളതാണ്. ശബരിമല സീസണിൽ ഓരോ ദിവസവും ലക്ഷക്കണക്കിന് ആളുകൾ ദർശനം നടത്തി പോരുകയാണ്. അവിടെ ഒരു വിരി വയ്ക്കുന്നതിനുപോലും സ്ഥലമില്ല. വനം വെട്ടി നശിപ്പിക്കാതെ ഏതാനും ഏക്കർ സ്ഥലമെങ്കിലും ഉടനെ മാറിത്തരണമെന്ന് ആവശ്യപ്പെട്ടിട്ട് യാതൊരു നടപടിയും ഫലപ്രദമായി എടുത്തുകാണുന്നില്ല. പൂങ്കാവനം വെട്ടി നശിപ്പിക്കുന്നുവെന്ന പരാതിയുണ്ട്. ശരിയാണോ തെറ്റാണോ എന്ന് എനിക്കറിയില്ല. ചരിത്രകാലം മുതലേ പൂങ്കാവനം എന്നു വിശേഷിപ്പിക്കുന്ന ശബരിമലയിലെ തടികളും ഒന്നും മോഷണം ചെയ്യാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് അനുവദിക്കുകയില്ലെന്ന് എനിക്ക് വിശ്വാസമുണ്ട്. ഇത്രയും പ്രാധാന്യമുള്ള ഈ സ്ഥലത്ത് എല്ലാ വിഭാഗത്തിൽപ്പെട്ട ഭക്തജനങ്ങളും വരുന്നുണ്ട്. സമ്പന്നനും സാധാരണക്കാരനും മന്ത്രിമാരും എം.എൽ.എ. മാരും അല്ലാത്തവരും ദരിദ്രരും സംവരണം ഉള്ളവരും ഇല്ലാത്തവരും ഒക്കെ വരുന്നുണ്ട്. അങ്ങനെയുള്ള ഒരു പുണ്യക്ഷേത്രത്തിൽ ദർശനം നടത്താനുള്ള സൗകര്യമുണ്ടാക്കിത്തരണം. അതിന് ഏറ്റവും വേഗത്തിൽ നടപടിയെടുക്കണം. ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം മനസ്സിലാക്കണം. വാവരു സ്വാമിയെപ്പോലും അവിടെവച്ച് ആരാധിക്കുകയാണ്.

വനം വകുപ്പു മന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): സർ, ശബരിമലയുടെ വികസനത്തിനുവേണ്ടി 40 ഹെക്ടർ സ്ഥലം അനുവദിക്കണമെന്ന് നേരത്തേ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് സ്റ്റേറ്റ് ഗവൺമെന്റ് അത് കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. പക്ഷേ കേന്ദ്ര വന സംരക്ഷണനിയമത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം കിട്ടിയതിനു ശേഷമേ ഇത് വിട്ടുകൊടുക്കാൻ കഴിയുമായിരുന്നുള്ളൂ. കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം കിട്ടിയിട്ടില്ല. ഈ മാസം 18—ാം തീയതി ഈ സ്ഥലം വിട്ടുകൊടുക്കേണ്ടതിന്റെ ആവശ്യകതയും അവിടുത്തെ എല്ലാ കാര്യങ്ങളും വിശദമായി പ്രതിപാദിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് ഒരു കത്തയച്ചിട്ടുണ്ട്. അതിന്റെ മറുപടി കിട്ടിക്കഴിഞ്ഞതിനു ശേഷം മാത്രമേ ഒരു നടപടിയെടുക്കാൻ കഴിയുകയുള്ളൂ. വേറൊരു കാര്യം ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിക്കുകയുണ്ടായി. പൂങ്കാവനം വെട്ടി വെളുപ്പിക്കുന്നെന്ന് പത്രത്തിൽ വാർത്തയുണ്ടായിയെന്ന്. ഞാൻ ആ വാർത്ത വായിച്ചു. ഉടൻ തന്നെ ആ സ്ഥലത്തേയ്ക്ക് പോകുകയുണ്ടായി. അത് വളരെയേറെ അതിശയോക്തി കലർന്ന വാർത്തയായിരുന്നു. ശബരിമല ക്ഷേത്രത്തിന്റെ 11 കിലോമീറ്റർ ഇപ്പുറം വച്ചാണ് മരങ്ങൾ മുറിച്ചിട്ടുള്ളത്. അവിടെ സെലക്ഷൻ ഫെല്ലിംഗ് മാത്രമേ നടത്തുന്നുള്ളൂ. അത് വെട്ടി വെളുപ്പിക്കുന്നതിന്റെ സൂചന അല്ല, വെട്ടിവെളുപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല വെട്ടി വെളുപ്പിക്കുന്നതല്ല. ഈ സെലക്ഷൻ ഫെല്ലിംഗ് നടത്തിയ സ്ഥലവും ഇതുമായിട്ട് വളരെ അകലെയാണ്.

(3) ഹോസ്ദുർഗ് താലൂക്കിലെ കടലാക്രമണം

ശ്രീ. ഒ. രേതൻ: കാസർകോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ വലിയപറമ്പ് പഞ്ചായത്ത് എന്ന് പറയുന്ന ഒരു പഞ്ചായത്തുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly